

# അവതാരിക

(രണ്ടാം പതിപ്പ്)

1983 മുതൽ വളരെ അടുത്തു പരിചയമുള്ള ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചൻ എന്റെ നവസന്ന്യാസഗുരുവും ആധ്യാത്മനിയന്താവും എന്നതിനുമപ്പുറം സി.എം.ഐ. സന്ന്യാസ ജീവിതത്തിൽ ഒരു തുറന്ന പാഠപുസ്തകവും ആത്മാവിൽ ഉറപ്പു പകരുന്ന വഴികാട്ടിയുമായിരുന്നു. ലവലേശം കലർപ്പില്ലാത്തതും തനിമയാർന്നതുമായ ഒരു സന്ന്യാസവൈദിക ജീവിതശൈലിയുടെ ഉടമയായിരുന്നു, ലളിതജീവിതത്തിനും നീതിനിഷ്ഠമായ കാഴ്ചപ്പാടുകൾക്കും ആഴമേറിയ ദൈവാനുഭവത്തിനും സഹസന്ന്യാസികളുടെയും ശിഷ്യരുടെ ഇടയിലും പേരുകേട്ട ആദരണീയനായ ഡൺസ്റ്റൺ ഒലക്കേങ്കലച്ചൻ.

രണ്ടുവർഷക്കാലം നവസന്ന്യാസഗുരു എന്ന നിലയിൽ അദ്ദേഹത്തോടൊപ്പം ആയിരിക്കുവാൻ കഴിഞ്ഞത് എന്റെ സി.എം.ഐ. സന്ന്യാസ പരിശീലനത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലായി ഞാൻ തിരിച്ചറിയുന്നു. സ്ഥാപകപിതാക്കന്മാരുടെ സിദ്ധിയിലും കർമ്മലീത്താ പാരമ്പര്യത്തിലും ഊന്നിയ ധ്യാനോപാസനയിലും ഞാൻ ആദ്യചുവടുകൾ വയ്ക്കുന്നത് ഡൺസ്റ്റനച്ചന്റെ കൈകൾ പിടിച്ചായിരുന്നു. ഈ പാതയിലുള്ള യാത്രയിലും വളർച്ചയിലും ഉലച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഏറ്റവും ഉറപ്പുള്ള ഒരു അടിസ്ഥാനമിടാൻ അദ്ദേഹത്തിന്റെ പ്രോജ്ജ്വലമായ ജീവിതമാതൃക എന്നെ സഹായിച്ചു എന്നത് അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു.

ഡൺസ്റ്റനച്ചൻ നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കുന്നത് ഇന്നും ദീപ്തമായ ഒളിമങ്ങാത്ത ഓർമ്മയാണ്. സ്വയം ത്യജിക്കാനും അപരനെ വളർത്താനും ഉതുകുന്ന മനോഭാവം സ്വന്തമാക്കാൻ ഡൺസ്റ്റനച്ചനു കഴിഞ്ഞത് അദ്ദേഹത്തിന്റെ നിതാന്തമായ പ്രാർത്ഥനയിൽനിന്നും ധ്യാനത്തിൽനിന്നും ഉയിർക്കൊണ്ട

ദൈവാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. ഒരു തപസ്യ കണക്കേ ശ്രവണ-മനന-നിധിധ്യാസനത്തിൽ ഏറ്റം സ്വാഭാവികമായി പങ്കുചേരുവാൻ സാധിക്കുമായിരുന്ന അദ്ദേഹം ആധ്യാത്മികശാസ്ത്ര ത്തിൽ ഊന്നിയ നിർദ്ദേശങ്ങൾക്കൊപ്പം തന്റെ ജീവിതാനുഭവത്തിൽ ചാലിച്ച പാഠങ്ങളും വ്യക്തിപരമായ പങ്കുവെക്കലുകളിൽ പകർന്നുത രുമായിരുന്നു. ദൈവവചനത്തിൽ അധിഷ്ഠിതമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്നതിനും, ആ കാഴ്ചപ്പാടുകൾക്കനുസൃതമായ ഒരു ക്രിസ്തീയ സന്ന്യാസജീവിതശൈലി രൂപപ്പെടുത്തുന്നതിനും അദ്ദേ ഹത്തിന് സാധിച്ചത് രാപകലില്ലാതെ അദ്ദേഹം സ്വന്തമാക്കിയ ധ്യാന തപസ്യയുടെയും ദൈവാനുഭവത്തിന്റെയും ഫലപ്രാപ്തിയാണ്.

ആഘോഷങ്ങളും ആഡംബരങ്ങളും തന്റെ ജീവിതത്തിലേക്ക് ക്ഷണിക്കാൻ കഴിയാത്ത ഡൺസ്റ്റനച്ചൻ ഏറ്റം എളിയ ഒരു ജീവിത ശൈലി സ്വീകരിക്കുകയും, സ്വതസിദ്ധമായി പാവങ്ങളോട് പക്ഷം ചേരുകയും ചെയ്തത് എന്നെ ഒരിക്കലും അത്ഭുതപ്പെടുത്തിയിട്ടില്ല. ഏതാനും മാസങ്ങൾ അദ്ദേഹത്തോടൊപ്പം ഒരു ഗ്രാമന്തരീക്ഷത്തത്തിൽ ഏറ്റം കുറഞ്ഞ സൗകര്യങ്ങളോടുകൂടെ എനിക്ക് ജീവിക്കാൻ കഴിഞ്ഞ തും ഒരു അനന്യസൗഭാഗ്യമായി ഞാൻ കാണുന്നു. കുറവുകളുടെ മധ്യത്തിലും അല്ലലുകളും അലച്ചിലുകളും ഡൺസ്റ്റനച്ചന് അന്യമായി രുന്നു. ദൈവപരിപാലനയിലുള്ള അദ്ദേഹത്തിന്റെ ആഴമേറിയ വിശ്വാ സവും സഹസന്ന്യാസികളോടുള്ള കറയറ്റ സൗഹൃദവും എനിക്കേറെ പ്രചോദനാത്മകമായിരുന്നു. ദൈവത്തെ പിതാവായി കാണുന്നതിനും ആ പിതാവിൽ കണ്ണുംപൂട്ടി വിശ്വസിക്കുന്നതിനും ഡൺസ്റ്റനച്ചന് കഴി ഞ്ഞിട്ടുണ്ടെങ്കിൽ, ആ സരണിയിൽ മറ്റുള്ളവരെ വഴിനടത്തുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനം തന്റെ ആഴമേറിയ ക്രിസ്തീയദൈവാനുഭവമല്ലാതെ മറ്റൊന്ന് കണ്ടെത്തുക നമുക്കു അസാധ്യമാണ്.

2020 നവംബർ 27-ാം തീയതി ഡൺസ്റ്റനച്ചന്റെ ജന്മശദാബ്ദി കൊണ്ടാടുന്ന വേളയിൽ ഈ ഓർമ്മക്കുറിപ്പുകൾ കോറിയിടുമ്പോൾ എന്നെ ഞാനാക്കുന്നതിൽ, എന്റെ സന്ന്യാസവൈദിക വിളിയിൽ എന്നെ ആഴപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച എന്റെ പുണ്യചരിതനായ ഗുരുവച്ചനെ ഏറെ നന്ദിയോടെ ദൈവസന്നിധി യിൽ അനുസ്മരിക്കുന്നു. ഡൺസ്റ്റനച്ചനാകുന്ന സുകൃതസരണി കൂടു തൽ ദീപ്തമാക്കാൻ, ഇനിയും ധാരാളം പേർക്ക് പ്രത്യാശയോടുകൂടെ

ഈ പാതയിലൂടെ ചരിക്കുവാൻ പ്രചോദനമേകുന്നതിനു ലളിതമായ ഈ ആഘോഷവേളകൾ കളമൊരുക്കട്ടെയെന്ന് ആഗ്രഹിക്കുന്നു.

ഈ പുണ്യാത്മാവിനെക്കുറിച്ചുള്ള ഒരു ജീവചരിത്രം തയ്യാറാക്കുകയെന്ന ശ്രമകരമായ സൽകർമ്മം ഏറ്റം ഉചിതമായ രീതിയിൽ പൂർത്തീകരിച്ച ഡൺസ്റ്റനച്ചന്റെ പ്രേഷ്ഠ ശിഷ്യരിലൊരാളാണ് ബഹുമാനപ്പെട്ട പോളി പയ്യപ്പിള്ളിയച്ചൻ. "സുതാര്യം സുന്ദരം" എന്ന ശീർഷകത്തോടുകൂടെ 2014-ൽ പ്രകാശനം ചെയ്ത ഡൺസ്റ്റനച്ചന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് പുനഃപ്രകാശനം ചെയ്യുമ്പോൾ സി.എം.ഐ. പ്രേഷിത പ്രവിശ്യ ഒത്തിരിയേറെ നന്ദിയും കടപ്പാടും പോളി പയ്യപ്പിള്ളിയച്ചനോട് അറിയിക്കുന്നു. ഏറ്റം ആദ്യമായി രചിക്കപ്പെട്ട ജീവചരിത്രം എന്ന നിലയിൽ ഈ പുസ്തകരചനയും അതിന്റെ പ്രകാശനവും ഏറെ ദുഷ്കരമായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. ആധികാരിക രേഖകളെയും, ഡൺസ്റ്റനച്ചനുമായി ബന്ധപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങളും സഭാംഗങ്ങളുമടങ്ങിയ ഒരു വലിയ സമൂഹത്തിൽനിന്നും ലഭിച്ച അറിവിനെയും അനുഭവങ്ങളെയും അടിസ്ഥാനമാക്കി ഏറ്റം സമ്യക്കായ ഒരു രേഖാചിത്രം രചിക്കുക എന്നത് ഏറെ ശ്രമകരമായ ഒരു കർമ്മമാണെന്ന് നിസ്സംശയം പറയാനാകും. എങ്കിലും തനിക്കേറ്റം പ്രിയപ്പെട്ട ഗുരുവച്ചനോടുള്ള നന്ദിസൂചകമായി പോളിയച്ചൻ ഈ ജീവചരിത്രത്തിന്റെ രണ്ടാം പതിപ്പ് തയ്യാറാക്കി പൊതുജനസമക്ഷം സമർപ്പിക്കുമ്പോൾ, ഇതുവഴിയായി ഡൺസ്റ്റനച്ചനാകുന്ന വിശ്വാസത്തിന്റെ, ആഴമേറിയ പ്രാർത്ഥനാനനുഭവത്തിന്റെ, എളിയ ജീവിതശൈലിയുടെ, സുവിശേഷാധിഷ്ഠിതമായ നീതിനിഷ്ഠയുടെ ദീപ്തി കൂടുതൽ ശോഭ പകരട്ടയെന്നും ആശംസിക്കുന്നു.

തന്റെ ഇഹലോകജീവിതത്തിന്റെ അന്ത്യത്തിൽ സ്വയം തിരിച്ചറിയുവാൻ കഴിയാത്ത വിധം മറവിരോഗം ഡൺസ്റ്റനച്ചനെ ബാധിച്ചപ്പോഴും ഈശോയെ മറക്കുവാൻ കഴിയാത്തവിധം അദ്ദേഹം തീർത്തും ഒരു മഹായോഗിയായി തീർന്നുവെന്നത് ദൈവതിരുമുമ്പിൽ കൃതാർത്ഥതയോടെ അനുസ്മരിക്കുന്നു. വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ നന്നേ ചെറുപ്പത്തിൽതന്നെ തീരുമാനിക്കുകയും, തന്റെ സന്ന്യാസവൈദിക ജീവിതചര്യയിൽ ഈ തീരുമാനത്തെ നിതാന്തം വളർത്തുകയും, ജീവിതാന്ത്യത്തിൽ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുകയും ചെയ്ത ഡൺസ്റ്റനച്ചനാകുന്ന ഈ ജീവിതനൈവേദ്യം

വിശുദ്ധിയുടെ പരിമളം പരത്തി പരിലസിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. തിരുസഭയുടെ ഉപരിവിശുദ്ധിക്കു ഡൺസ്റ്റനച്ചന്റെ ജീവിതം കൂടുതൽ കരുത്തേകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡൺസ്റ്റനച്ചന്റെ ജന്മശതാബ്ദി
27 നവംബർ 2020
കോയമ്പത്തൂർ

**ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ, പ്രേഷിത പ്രവിശ്യ